

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: **dotsr.ksad@kerala.gov.in**
ഫോൺ : **0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ(പി 16)-66/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ(പി 16)-66/2022 തീയ്യതി: 30/06/2022

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബിന്ദു.എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	06-12-2021	17-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-12-2021	17-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി, ഓഡിറ്റ് ഓഫീസർ
സദാനന്ദൻ പി.ജി, ഓഡിറ്റ് ഓഫീസർ
മീര ടി, ഓഡിറ്റ് ഓഫീസർ
ഷെനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സ്വാലിഹ് സി.പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
മറിയ മുസ്തഫ	പ്രസിഡന്റ്	01-04-2020	18-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി	പ്രസിഡന്റ്	19-11-2020	29-12-2020
ഫസൽ ഉൽ അലി. വി. കെ.	പ്രസിഡന്റ്	30-12-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
കെ.കെ. സുബ്രമണ്യൻ	സെക്രട്ടറി	01-04-2020	02-03-2021
ഷൈനി ജോൺ എം	സെക്രട്ടറി	02-03-2021	07-03-2021
രാമൻ കുട്ടി എം.എ	സെക്രട്ടറി	08-03-2021	31-03-2021
ഷൈനി ജോൺ എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ഡോ. രേഖ പി.	മെഡിക്കൽ ഓഫീസർ	01-04-2020	31-01-2021
ഡോ.നിത ടി.ജി	മെഡിക്കൽ ഓഫീസർ	01-02-2021	31-03-2021
ബിനി പി.എൽ	വി.ഇ.ഒ	01-04-2020	10-11-2020
മിനി	വി.ഇ.ഒ	11-11-2020	22-01-2021
ബിന്ദു എം.ടി	വി.ഇ.ഒ	23-01-2021	31-03-2021
ചിത്ര	വി.ഇ.ഒ	01-04-2020	16-11-2020
ദീപക് കെ.കെ.	വി.ഇ.ഒ	16-11-2020	31-03-2021
ബിന്ദു കെ.കെ	കൃഷി ഓഫീസർ	01-04-2020	31-03-2021
ഡോ.രാഖി	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2020	31-03-2021
ഡോ. സുഹാന എ.ഐ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2020	31-03-2021
ഡോ. ശിവദാസ് കെ.ടി	വെറ്ററിനറി സർജൻ	01-04-2020	26-02-2021
ഡോ. ധന്യ ജോസഫ്	വെറ്ററിനറി സർജൻ	27-02-2021	31-03-2021
ലിജു കെ.എൽ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	25-06-2020
ഒഴിവ്	അസിസ്റ്റന്റ് എഞ്ചിനീയർ	26-06-2020	29-06-2020
അനിത പി.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	30-06-2020	31-03-2021
ആരതി കൃഷ്ണ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	09-11-2020
സബിത	ഐ.സി.ഡി.എസ് സൂപ്പർവൈസർ	10-11-2020	31-03-2021
എം.കെ ബാലൻ	ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി.എസ്, വടക്കേക്കാട്	01-04-2020	31-05-2020
ഒഴിവ്	ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി.എസ്, വടക്കേക്കാട്	01-06-2020	18-02-2021
മണി.ടി.	ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി.എസ്, വടക്കേക്കാട്	19-02-2021	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം	1-2
3	സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപെൻഷനുകൾ സംബന്ധിച്ച്	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
10	അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല	1-10-1
11	വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-10-2
12	വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-10-3
13	വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-10-4
14	വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-10-5
15	ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല	1-10-6
16	വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല	1-10-7
17	വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല	1-10-8
18	പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു	1-10-9
19	വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല	1-10-10
20	വരവിനങ്ങൾ വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല	1-10-11
21	ഇളവ് നൽകിയതിന് ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി ഇല്ല	1-10-12
22	ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല	1-10-13
23	RP -4 ഷെഡ്യൂൾ പ്രകാരമുള്ള വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-10-14
24	ജീവനക്കാരുടെ തൊഴിൽ നികുതി ഡി.സി.ബി തയ്യാറാക്കിയിട്ടില്ല	1-10-15
25	മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല	1-10-16
26	സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല	1-10-17
27	രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ	1-10-18
28	രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു	1-10-19
29	ആസ്തി രജിസ്റ്റർ ശരിയായ മാതൃകയിലല്ല തയ്യാറാക്കുന്നത്	1-10-20
30	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-21
31	ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല	1-10-22
32	ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-23

33	ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല	1-10-24
34	ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ വിധം എഴുതി സൂക്ഷിച്ചിട്ടില്ല	1-10-25
35	അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-10-26
36	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല	1-10-27
37	പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,-ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല	1-10-28
38	ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി	1-10-29
39	ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത തുകകൾ	1-10-30
40	ലേല രജിസ്റ്റർ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല	1-10-31
41	പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-10-32
42	ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല	1-10-33
43	ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല	1-10-34
44	ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല	1-10-35
45	ACR സൂക്ഷിച്ചിട്ടില്ല	1-10-36
46	സാമൂഹ്യ ക്ഷേമ പെൻഷനുകൾ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-10-37
47	രശീതി പരിശോധന അപാകതകൾ	1-11
48	ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ	1-12-1
49	കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി - വരുമാന നഷ്ടം	1-12-2
50	അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല	1-12-3
51	വസ്തു നികുതി പിരിവ് - രസീത് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല	1-12-4
52	വസ്തു നികുതി ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തി	1-12-5
53	റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല	1-12-6
54	വസ്തു നികുതി അപാകതകൾ	1-12
55	സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല	1-13-1
56	സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല	1-13-2
57	ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല	1-13-3
58	റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല	1-13-4
59	തൊഴിൽ നികുതി - അപാകങ്ങൾ	1-13
60	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ	1-14
61	ലേലം അപാകങ്ങൾ	1-15
62	സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല	1-16
63	ലോഗ് ബുക്ക് പരിപാലനം-അപാകതകൾ	1-17
64	ഹോമിയോ ആശുപത്രിയിൽ മരുന്നുകൾ ലഭിച്ചിട്ടില്ല	1-18
65	അസി.എഞ്ചിനീയർ - പദ്ധതി നടപ്പാക്കുന്നതിലും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലും കണ്ടെത്തിയ അപാകതകൾ	1-19
66	ഇ-ടെണ്ടർ വഴി ലഭിച്ച ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയില്ല	1-20
67	പൂർത്തീകരണ കാലാവധി വൈകിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി - 5043 രൂപ നഷ്ടം	1-21

68	അസി. എഞ്ചിനീയർ വർക്ക് ഫയൽ ഹാജരാക്കിയില്ല	1-22
69	അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം	1-23
70	തൊഴിലുറപ്പ് പദ്ധതി അവലോകനം	1-24
71	വയോജനങ്ങൾക്ക് കട്ടിൽ വിതരണം - മാർഗ രേഖക്കു വിരുദ്ധമായി ചെലവു ചെയ്ത തുക തടസ്സപ്പെടുത്തുന്നു	1-25
72	വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-26
73	ദേശീയ നഗര പദ്ധതി - രേഖകൾ ഹാജരാക്കിയില്ല - വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല	1-27
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പൂർത്തീകരണ കാലാവധി വൈകിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി - 5043 രൂപ നഷ്ടം	3-1
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	സ്ഥിര നിക്ഷേപം	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

പാസാക്കിയ തീയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
26.03.2020	1/1	191785290	193451075

1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

ലഭിച്ച തീയതി	ലഭിക്കേണ്ട തീയതി
26-06-2021 (AIMS)	31-07-2021

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	27564804
വരവ്	78584098
ആകെ	106148902
ചെലവ്	84559589
നീക്കിയിരിപ്പ്	21589313

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് – ജനറൽ	13462345	13383418	78927
വികസന ഫണ്ട് – എസ് സി പി	3200647	3120836	79811
വികസനഫണ്ട്- ടി എസ് പി	-	-	-
മെയിന്റനൻസ്- റോഡ്	8855000	8818925	36075
മെയിന്റനൻസ്- റോഡിതരം	3855606	3539621	315985
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	10949757	9852342	1097415

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചതിന്റെ ശതമാനം
199	116994194	162	62147509	23	14	81.4%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2598	671972	674570	671972	2598
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽ കോസ്റ്റ്	0	24667947	24667947	24667947	0

1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

പദ്ധതിയുടെ	ചെലവ്	ഗുണഭോക്താക്കളുടെ

പേര്	തുക	എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	2811300	186
വിധവാ പെൻഷൻ	21428300	1406
വാർദ്ധക്യകാല പെൻഷൻ	24610800	1699
വികലാംഗ പെൻഷൻ	4423200	297
50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1137400	80
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	480000	16

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7946/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

വൗച്ചറുകൾ വളരെ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല. സ്റ്റോക്ക് രജിസറ്ററുകൾ ശരിയാംവണ്ണം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികൾ കരാർ കാലയളവിൽ പൂർത്തീകരിക്കുന്നില്ല. അസി. എഞ്ചിനീയർ, വരവ് ചെലവുകളുടെ വിവരങ്ങൾ TR.7A മാതൃകയിലുള്ള കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കുന്നില്ല. മത്സരാധിഷ്ഠിത ടെണ്ടറുകൾ തുലോം കുറവായി കാണപ്പെടുന്നു. മത്സരാധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിക്കപ്പെടേണ്ടതാണ്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തിയത് പരിശോധിക്കുന്നതിനായി ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിന് ശേഷം മോണിട്ടറിംഗ് സമിതികളായി മാറി മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സെക്രട്ടറി പൂർണ്ണമായും സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. പ്രസിഡണ്ടിന്റെ പേരിൽ തൃശൂർ ജില്ലാ സഹകരണ ബാങ്കിൽ ഒരു ദുരിതാശ്വാസ നിധി അക്കൗണ്ട് രൂപികരിച്ചിട്ടുണ്ട്. (അക്കൗണ്ട് നം. 5074889038) ആയതിൽ യാതൊരു വിധം ഇടപാടുകൾ നാളിതുവരെയായും നടന്നിട്ടില്ല. ആഭ്യന്തര സംവിധാനം കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ ഇടപ്പെടലുകൾ ഉണ്ടാകേണ്ടതാണ്.

1-10-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-10-2 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ

വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ – തൻവർഷം

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2856549	2542966	77651	265018
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	2856599 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	2513930 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	77651 (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	265310 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-10-3 വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ -കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	59736	46799	15693
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	60550 (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	44043 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	15747 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-10-4 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ –തൻവർഷം

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2314701	2171095	23256	163353
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	2314701 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	2128092 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	23256 (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	165290 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-10-5 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ - കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	72253	46776	25691

വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	72519 (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	46562 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	25722 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-10-6 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം	റെസിഡൻഷ്യൽ	145629	59736	148744	128992	2366	131358	4276	-	13557	841	14616
	നോൺ-റെസിഡൻഷ്യൽ	128169	3892	132061	109346	2362	111708	1211	-	10201	1317	11549
	ആകെ			280805			243066	5487	-	25916		
		280668			243069			-	515012	25916		
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം		(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt. Cess/Levies..... ലെഡ്ജർ 2020-21)			(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്))				(431910101 -State Govt. Cess/Levies..... ലെഡ്ജർ 2020-21)	(ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)		

1. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.
2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 243066 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 243069 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല മറിച്ച് 515012 രൂപയാണ്. (വൗച്ചർ 42000231, തീ 31.3.21)

1-10-7 വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ. നം	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	105142	293217
2	350410101-Advance Collection Of	73319	70774

	Revenues -Property Tax On Non-Residential Building			

1-10-8 വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ 123 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-9 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 1-10-8 ൽ ചേർത്തിട്ടുണ്ട്)

ക്രമ. നം	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent From Building	207360	1.4.20	42000156

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-10 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത്

അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. വാടക ഡിമാന്റ് രജിസ്റ്റർ
4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
5. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
7. ലൈബ്രറി രജിസ്റ്റർ

1-10-11 വരവിനങ്ങൾ വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ബിൽഡിംഗ് പെർമിറ്റ്, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ഡോഗ് ലൈസൻസ് എന്നിവ വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

1-10-12 ഇളവ് നൽകിയതിന് ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി ഇല്ല

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 13790 രൂപയുടെ ഇളവ് കാണിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഇളവ് നൽകിയതിന് ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

1-10-13 ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-10-14 RP -4 ഷെഡ്യൂൾ പ്രകാരമുള്ള വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP -4 ഷെഡ്യൂൾ പ്രകാരം 392242 രൂപ വരവുണ്ട്. എന്നാൽ RP -4 പ്രകാരമുള്ള വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-10-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡി.സി.ബി തയ്യാറാക്കിയിട്ടില്ല

ജീവനക്കാരുടെ തൊഴിൽ നികുതി ഡി.സി.ബി തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-10-16 മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ.നം	വരുമാനം	മുൻകൂർ ശീർഷകം	31/3/2021 ലെ മുൻകൂർ തുക
1	തൊഴിൽ നികുതി	350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof	139780
2	ഡി & ഒ	350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades	103800

1-10-17 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എ.ച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-10-18 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2021ലെ ലെഡ്ജർ ബാക്കി
280100101-Prior Period Income-Property Tax On Residential Bulidings	743.00
280100102-Prior Period Income - Profession Tax - Institutions/ Professionals/ Traders	(6,250.00)
280800201-Prior Period - Administrative Expenses	355,000.00
280800701-Prior Period - Miscellaneous Expenses	(43,673.00)

1-10-19 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-20 ആസ്തി രജിസ്റ്റർ ശരിയായ മാതൃകയിലല്ല തയ്യാറാക്കുന്നത്

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5975491 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11820942 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-22 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 10119105 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് മാത്രമാണ് ഹാജരാക്കിയത്. ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

1-10-23 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം 0 ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം58,4(എ))

1-10-24 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 1000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-10-25 ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ വിധം എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും RP-34 പ്രകാരമുള്ള ഇനങ്ങളുടെ ഇനം തിരിച്ചുള്ള വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

1-10-26 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP -47 പ്രകാരം Loans, Advances And Deposit ഷെഡ്യൂൾ പ്രകാരം 1806540 രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി രേഖപ്പെടുത്തലുകൾ വരുത്തിയ അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-10-27 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

RP-31 പ്രകാരം വരവ് കാണിച്ചിട്ടുള്ള പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നിരിക്കെ അപ്രകാരം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-10-28 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,-ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമനമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	320700204	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1665867	450650109	ട്രഷറി സ്പെ. ടി എസ് ബി 794	1000000
2	320700205	ജില്ലാ പഞ്ചായത്ത് വിഹിതം	197680			
3	320700209	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	12000			

1-10-29 ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി

ടി.ഡി.സി.ബി അക്കൗണ്ടിന്റെ "Directly Credited By Bank" എന്ന ഇനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

തീയതി	തുക
10.02.21	17426
18.02.21	54000
26.02.21	3750

28.02.21	281881
10.02.21	116038
02.04.20	10000
09.07.20	21053
06.08.20	24823
18.08.20	2500
27.08.20	24813
27.08.20	1133245
27.08.20	193700
31.08.20	252033
07.10.20	136194
07.10.20	128700
11.11.20	319668
24.12.20	186875
09.01.21	117075
27.01.21	873239

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

1-10-30 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത തുകകൾ

ടി.ഡി.സി.ബി അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തുകയും ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

തീയതി	തുക
0483686/27.2.21	33500
0483687/27.2.21	1000
2106789/24.8.20	31350

1-10-31 ലേല രജിസ്റ്റർ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല

ലേല രജിസ്റ്ററിൽ ലേലം നടന്ന വിവരങ്ങൾ ചേർത്ത് ഡി.സി.ബി തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-10-32 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയ എല്ലാ പദ്ധതികളുടെയും വിവരങ്ങൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല. മാത്രമല്ല തൻവർഷം പൂർത്തീകരിച്ച പല പദ്ധതികളും Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെട്ടു കാണുന്നു.

1-10-33 ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടല്ല പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

1-10-34 ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല

1. എസ് ബി ഐ ഇ - ട്രാൻസാക്ഷൻ - ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ലൈഫ് മിഷൻ ബാങ്ക് - ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

1-10-35 ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ താഴെപ്പറയും പ്രകാരം ലോൺ വരവും, തിരിച്ചടവും നീക്കിയിരിപ്പും കാണിച്ചിട്ടുണ്ട്.

ലോൺ	വരവ്	തിരിച്ചടവ് (RP -32	തിരിച്ചടയ്ക്കാൻ

ഇനം	(RP -32 പ്രകാരം)	പ്രകാരം)	ബാക്കി (Balance Sheet B -5)
Secured Loan From Co-Operative Bank	-	2000000	5986811
Secured Loan From KURDFC	-	വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.	3938039

1-10-36 ACR സൂക്ഷിച്ചിട്ടില്ല

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-10-37 സാമൂഹ്യ ക്ഷേമ പെൻഷനുകൾ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സാമൂഹ്യ ക്ഷേമ പെൻഷൻ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-11 രശീതി പരിശോധന അപാകതകൾ

രശീതി പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സൂചിക രശീതുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 4.10.21 ന് 4195, 4196, 4197 എന്നീ രശീതി ബുക്കുകൾ വെറ്ററിനറി സർജന് അനുവദിച്ചു കാണുന്നു. ഇത് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

3. രശീതി ബുക്ക് നം 58913 – 17.3.20 ലെ രശീതി നം. 13 മുതൽ 25 വരെയുള്ള കളക്ഷൻ തുകയായ 5580 രൂപ പഞ്ചായത്തിൽ അടവാക്കിയതിന്റെ സാംഖ്യ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

26 മുതലുള്ള രശീതുകൾ ക്യാൻസൽ ചെയ്ത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. രശീതുകളിൽ തിരുത്തലുകൾ വരുത്തുന്നതായി കാണുന്നു. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

രശീതി ബുക്ക്	രശീതി നം /തിയതി
4201	76/25.10.21
" "	77/25.10.21
" "	89/25.10.21
4230	19/01.11.21

5. രശീതി ബുക്ക് നം 4201 ലെ രശീതി നം 37/23.10.21 പ്രകാരം 394 രൂപ കളക്ഷൻ വന്നിട്ടുണ്ട്. ആയത് കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല.
കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12-1 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	കെട്ടിട നം	കെട്ടിട ഉടമ	ഫയൽ നം/അപേക്ഷ തീയതി	ഒഴിവാക്കിയ കാലയളവ്
1	2/284 A	അബൂബക്കർ, വകയിൽചള്ളയിൽ	A2-1818/2021 9.3.2021	1.4.2020-30.9.2020

2	5/142	പ്രസിഡന്റ്, കൊച്ചന്നൂർ സുന്നത്ത് ജമാഅത് പള്ളി	A2-3665/2020 3.9.2020	1.4.2020-30.9.2020
3	8/278 C,G	സുഹറ മൊയ്തു, ആഞ്ഞിലക്കടവിൽ ഹൗസ്	A2-3023/2020 21.7.2020	1.4.2020-30.9.2020
4	8/207	സുനന്ദ, വെങ്കലത്തു ഹൗസ്	A2-4000/2020 24.9.2020	1.4.2020-30.9.2020
5	8/654 A	അബ്ദുൽ മനാഫ് & അതേർസ്, നമസ് കൺവെൻഷൻ സെന്ററർ	A2/1864/2021 12.3.2021	1.4.2020-30.9.2020
6	9/353 A,353 G	അഥർ ജഹാൻ, കൂലിയാട്ടിൽ ഹൗസ്	A2-3236/21 5.8.2020	1.4.2020-30.9.2020
7	13/225 K,L,N,O,P,Q,R	മുഹമ്മദ് അലി, അബ്ദുല്ല കുട്ടി, കണിയാംപറമ്പിൽ	A2-4114/20 30.9.2020	1.4.2020-30.9.2020
8	15/426	ഷാഹുൽ ഹമീദ്, തോപ്പിൽ ഹൗസ്	A2-1870/2021 12.3.2021	1.4.2020-30.9.2020
9	16/207	അബ്ദുൽ മുസാബിർ, പറങ്കയിൽ ഹൗസ്	A2/3763/2020 8.9.2020	1.4.2020-30.9.2020
10	16/269 E,F	പി എം മുഹമ്മദ്, പാവൂറയിൽ	A2-4067/2020 29.9.2020	1.4.2020-30.9.2020
11	16/228	അഷ്റഫ്, പണ്ടാരത്തിൽ ഹൗസ്	A2-2101 24.3.2021	1.4.2020-30.9.2020
12	2/284 A	അബൂബക്കർ, വകയിൽചള്ളയിൽ	A2-1818/2021 9.3.2021	1.10.2020-31.3.2021
13	8/278 C,G	സുഹറ മൊയ്തു, ആഞ്ഞിലക്കടവിൽ ഹൗസ്	A2-4842/2020 3.11.2020	1.10.2020-31.3.2021
14	8/654 A	അബ്ദുൽ മനാഫ് & അതേർസ്, നമസ് കൺവെൻഷൻ സെന്ററർ	A2/1864/2021 12.3.2021	1.10.2020-31.3.2021
15	15/426	ഷാഹുൽ ഹമീദ്, തോപ്പിൽ ഹൗസ്	A2-1870/2021 12.3.2021	1.10.2020-31.3.2021
16	16/228	അഷ്റഫ്, പണ്ടാരത്തിൽ ഹൗസ്	A2-2101 24.3.2021	1.10.2020-31.3.2021

ഇപ്രകാരം ഇളവ് നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കണക്കാക്കി ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12-2 കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി - വരുമാന നഷ്ടം

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച: മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 45/- രൂപയും 100 ച: മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. വാർഡ് 1, 2, 8 എന്നിവയിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച: മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 60/- രൂപക്ക് പകരം 45/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

ക്രമ നം	കെട്ടിട നം	വിസ്തീർണം (ച:മീറ്റർ)	കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി (വിസ്തീർണംx 60)	സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ്	സഞ്ചയ പ്രകാരമുള്ള ഡിമാൻഡ്	യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത്	കുറവ്
1	1/172	115	6900	10 % ഇളവ് 20 % വർദ്ധനവ്	278	7970	7692
2	1/173	115	6900	10 % ഇളവ് 20 % വർദ്ധനവ്	832	7970	7138
3	2/211 B	253.77	15227	35 % വർദ്ധനവ്	16188	21585	5397
4	2/285 F	107.07	6425	20 % വർദ്ധനവ്	6072	8096	2024
5	8/297 G	279.6	16776	20 % വർദ്ധനവ്	15854	21139	5285
6	8/535 A	166.97	10019	20 % വർദ്ധനവ്	9468	12625	3157
ആകെ							30693

* ഡിമാൻഡ് = ((അടിസ്ഥാന നികുതി - ഇളവ്) + വർദ്ധനവ്) + ലൈബ്രറി സെസ്സ് (5%)
നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതാണ്.

1-12-3 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നം.	കെട്ടിട നം.	സബ് നം.	ഉടമയുടെ വിവരം	വിസ്തീർണം
1	1	506	C	നിഷ(ചോഴിയത്ത് വീട്, വടക്കേക്കാട് പി ഒ, 679562, 7558977838 (മൊബൈൽ))	28
2	11	32	C	വത്സൻ S/O വാസു (പാരത്തി വീട്, വൈലത്തൂർ പി ഒ, 679563, 9745411774 (മൊബൈൽ))	39
3	12	65	C	കൃഷ്ണൻ S/O കുറപ്പ് (പീടികപറമ്പിൽ വീട്, കല്ലൂർ-വടക്കേക്കാട് പി ഒ, 679562, 9061858132 (മൊബൈൽ))	42.17
4	14	221	A	റുഖിയ W/O മുഹമ്മദ് (തൊഴുക്കാട്ടിൽ വീട്, കല്ലൂർ – വടക്കേക്കാട് പി ഒ, 679562, 9072265584 (മൊബൈൽ))	27.88

മേൽപ്പറഞ്ഞ കെട്ടിട ഉടമകളിൽ നിന്ന് സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുകയോ അല്ലെങ്കിൽ ഇളവ് നൽകിയത്

പിൻവലിക്കുകയോ ചെയ്യേണ്ടതാണ്.

1-12-4 വസ്തു നികുതി പിരിവ് - രസീത് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ Saankhya Mapping വഴിയോ PDE Entry വഴിയോ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പിരിവിന്റെ Receipt കളിൽ വന്നിരിക്കുന്ന തുകയിൽ നിന്നും വ്യത്യസ്തമായി കുറവ് തുക Collection ആയി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നം	വാർഡ് നം	കെട്ടിട നം	സബ് നം	ഉടമയുടെ വിവരം	വർഷം	രസീത് ബുക്ക് നമ്പർ	രസീത് നമ്പർ	രസീത് തീയതി	രസീത് തുക	കളക്ഷൻ തുക
1	1	204		കുഞ്ഞിമുഹമ്മദ് (ഏഴിക്കോട്ടയിൽ വീട്, വടക്കേക്കാട് പി ഒ, 679562)	2013	114051	01582	22/08/2017	844	364
2	1	465		ഡോ. പി.എസ്. രാമൻ (പെരിങ്ങാട്ട് വീട്, മമ്മിയൂർ), സുനിത (പെരിങ്ങാട്ട് വീട്, മമ്മിയൂർ)	2011		11302100243	05/08/2013	240	120
3	1	466		ഡോ. പി.എസ്. രാമൻ (പെരിങ്ങാട്ട് വീട്, മമ്മിയൂർ), സുനിത (പെരിങ്ങാട്ട് വീട്, മമ്മിയൂർ)	2011		11302100244	05/08/2013	94	47
4	1	467		ഡോ. പി.എസ്. രാമൻ (പെരിങ്ങാട്ട് വീട്, മമ്മിയൂർ), സുനിത (പെരിങ്ങാട്ട് വീട്, മമ്മിയൂർ)	2011		11302100245	05/08/2013	240	120
5	4	3		ഉഷ(കരിയത്ത് വീട്,കല്ലൂർ-വടക്കേക്കാട് പി ഒ,679562)	2014		11405101780	27/08/2014	308	137
6	4	10		കരുവളപ്പിൽ ബീരാവുണ്ണി (കരുവളപ്പിൽ വീട്, വടക്കേക്കാട് പി ഒ, 679562), ചെറുകാട്ടിൽ നസീമ (കരുവളപ്പിൽ	2014	54181	68	21/08/2014	510	191

				വീട്)						
7	8	528		ശാശങ്കൻ പി.എ (പൂവത്തൂർ വീട്, വൈലത്തൂർ പി ഒ, 679563)	2012		11301100391	06/05/2013	138	120
8	10	213		മോഹനൻ (കൊഴക്കി വീട്, ഞമനേങ്ങാട് പി ഒ, 679563, 9495026169 (മൊബൈൽ))	2014	54192	76	22/09/2014	105	53
9	15	17		റസിയ (വാക്കയിൽ പയ്യക്കാട്ട് വീട്, കല്ലൂർ-വടക്കേക്കാട് പി ഒ, 679562, 9495225120 (മൊബൈൽ))	2014	54199	93	30/09/2014	303	114

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ മുഴുവൻ നികുതിയും ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

1-12-5 വസ്തു നികുതി ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തി

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നം	വാർഡ് നം	കെട്ടിട നം	സബ് നം	ഉടമയുടെ വിവരം	വർഷം	കാലയളവ്
1	1	569	C	അബ്ദുൾ ലത്തീഫ് മുതൽപേർ (അത്താണിക്കൽ, വടക്കേക്കാട്, വടക്കേക്കാട് പി ഒ, 679562)	2020	First Half
2	3	336	A	രേഖപ്പെടുത്തിയിട്ടില്ല	2016	First Half
3	3	472	AM	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
4	3	472	AN	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
5	3	472	AO	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
6	3	472	AP	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533	2018	First Half

				(മൊബൈൽ))		
7	3	472	AQ	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
8	3	472	AR	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
9	3	472	AS	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
10	3	472	AT	മുസ്തഫ (വാലിയിൽ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8111933533 (മൊബൈൽ))	2018	First Half
11	4	41	B	ഉമ്മർ (കാളിയത്ത് വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 8129651168 (മൊബൈൽ))	2018	First Half
12	4	183	A	ജോഷി (കിടങ്ങൻ വീട്, കൗക്കാനപ്പെട്ടി, വടക്കേക്കാട് പി ഒ, 679562, 9744729679 (മൊബൈൽ))	1999	First Half
13	6	126	A	വസന്ത (തണ്ടേങ്ങാട്ടിൽ വീട്, ഞമനേങ്ങാട്, ഞമനേങ്ങാട് പി ഒ, 679563)	2016	First Half
14	6	126	A	വസന്ത (തണ്ടേങ്ങാട്ടിൽ വീട്, ഞമനേങ്ങാട്, ഞമനേങ്ങാട് പി ഒ, 679563)	2016	Second Half
15	11	67	B	മണി, W/O അയ്യപ്പൻ മുതൽപേർ (പൊന്നേത്ത് വീട്, വൈലത്തൂർ, വൈലത്തൂർ പി ഒ, 679563)	2020	First Half
16	16	461	B	ബിഷാദ് (കൂളിയാട്ടുപറമ്പിൽ, കല്ലൂർ, കല്ലൂർ-വടക്കേക്കാട് പി ഒ, 679562, 9946157418 (മൊബൈൽ))	2017	First Half

മേൽക്കെട്ടിടങ്ങളുടെ നികുതി അധികമായി കളക്ട് ചെയ്തിട്ടുണ്ടെങ്കിൽ സഞ്ചയയിൽ ആയതിനനുസരിച്ച് മാറ്റം വരുത്തേണ്ടതാണ്.

1-12-6 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നം	വാർഡ്/കെട്ടിട നം	പേര് /വിലാസം	റദ്ദാക്കിയ സാംഖ്യ രസീത് നം/തീ	കാലയളവ്	തുക
1	11/143	കാസിം, പുതുവാക്കൽ വീട്	120050100169/ 6.5.2020	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ	709
2		ശാരദ, വൈപ്പിൽ വീട്	120050100470/ 2.6.2020	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ	346
ആകെ					1055

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു മൂലം പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തപ്പെടുകയും ആയത് വരുമാന നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-12 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 20/13.12.21) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്കു ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്നു പരിഹരിച്ചു പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13-1 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	റിമാർക്സ്
1	ഗുരുവായൂർ കോ ഓപ്പറേറ്റീവ് ബാങ്ക്	2020-21 രണ്ടാം അർദ്ധവർഷം
2	കേരള ഗ്രാമീൺ ബാങ്ക്	2020-21 രണ്ടാം അർദ്ധവർഷം
3	സി എസ് ബി ബാങ്ക് വൈലത്തൂർ	2020-21 രണ്ടാം അർദ്ധവർഷം
4	വടക്കേക്കാട് സർവീസ് സഹകരണ ബാങ്ക്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
5	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഞമങ്ങാട്	2020-21 രണ്ടാം അർദ്ധവർഷം
6	പി എൻ വൈ സഭ ഫിനാൻസ്, വടക്കേക്കാട്	2020-21 രണ്ടാം അർദ്ധവർഷം
7	കൊശമറ്റം ഫിനാൻസ്, അഞ്ഞൂർ	2020-21 രണ്ടാം അർദ്ധവർഷം
8	വഞ്ചിനാട് ഫിനാൻസ് വടക്കേക്കാട്	2020-21 രണ്ടാം അർദ്ധവർഷം

9	മിക്കായേൽ നിധി പ്രൈവറ്റ് ലിമിറ്റഡ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
10	ന്യൂ വേൾഡ് ഓയിൽ ഇൻഡസ്ട്രീസ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
11	മർവ കളക്ഷൻസ് അഞ്ഞൂർ	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
12	ജോൺസ് ബൈവീലേഴ്സ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
13	എസ്.എം.എൽ ഫിനാൻസ് വടക്കേക്കാട്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
14	അമൃതം രാധാകൃഷ്ണ നിധി ലിമിറ്റഡ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
15	അമ്മ ഫ്യൂവൽസ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
16	മുത്തൂറ്റ് ഫിൻകോർപ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
17	അക്കൗണ്ട്സ് അക്കാദമി	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
18	ഗ്രേസ് ലീസിങ് കമ്പനി	2020-21 രണ്ടാം അർദ്ധവർഷം
19	വൈലത്തൂർ കുറീസ് ആൻഡ് ലോൺസ്	2020-21 രണ്ടാം അർദ്ധവർഷം
20	വേട്ടയാട്ടിൽ ഫ്യൂവൽസ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
21	കെ പി നമ്പൂതിരീസ് ഓഡിറ്റോറിയം	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
22	കെ പി നമ്പൂതിരീസ് ആയുർവേദിക്സ്	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ
23	നവഭാരത് ഓയിൽ ട്രേഡിങ്ങ് കമ്പനി	2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ

സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-13-2 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	റിമാർക്സ്
1	അക്കൗണ്ട്സ് അക്കാദമി	2020-21 ഒന്നാം അർദ്ധവർഷം

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-13-3 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

ഡബ്ല്യൂ.പി.സി 16670/06 നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

1-13-4 റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ചു നടത്തിയ പരിശോധനയിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 205(ഐ) വകുപ്പ് പ്രകാരം സൂക്ഷിക്കേണ്ട ഡിമാൻഡ് രജിസ്റ്റർ പൂർണമല്ല എന്നതിന് പുറമെ താഴെ പറയുന്ന അപാകങ്ങൾ കൂടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകായറിക്ക് (നമ്പർ 21/13.12.2021), മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ

പഞ്ചായത്തിലെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ, വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകായറിക്ക് (നം. 26/25.11.21) മറുപടി നൽകിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ലേലം അപാകങ്ങൾ

പഞ്ചായത്തിലെ ലേലം സംബന്ധിച്ചുള്ള ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലേല രജിസ്റ്ററിൽ 2019-20, 2020-21 വർഷങ്ങളിൽ യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. എന്നാൽ ലഭ്യമാക്കിയ ലേല ഡയറി പ്രകാരം പഞ്ചായത്തിൽ പ്രസ്തുത കാലയളവിൽ താഴെ കാണുന്ന ലേലങ്ങൾ നടന്നിട്ടുണ്ട്.

ക്രമ നമ്പർ	ലേല ചെയ്ത വസ്തു	ലേലം നടന്ന തീയതി	ലേലം ഉറപ്പിച്ച തുക	ലേലം അംഗീകരിച്ച തീരുമാനം
1	പഞ്ചായത്തിന്റെ മുൻവശം നില്പുള്ള പൂമരത്തിന്റെ ശിഖിരങ്ങൾ	2.6.2020	750	4.6.2020ലെ 4-ാം നമ്പർ തീരുമാനം
2	വൈലത്തൂർ വെറ്റിനറി ഡിസ്പെൻസറി കോമ്പൗണ്ടിലെ 4 തെങ്ങുകളിൽ നിന്നുള്ള നാളികേരം (70 എണ്ണം)	18.1.2021	1050 (Rs 15/ നാളികേരം)	1.2.2021ലെ 8(1) നമ്പർ തീരുമാനം
3	വാക്കയിൽ കല്ലൂർപള്ളി റോഡിൽ കാന കെട്ടി സ്ലാബിടൽ (വാർഡ് 15)	5.3.2021	3650	-
4	ഷെമീർ റോഡ് കാന നിർമാണം പ്രവർത്തിക്കു വേണ്ടി കുഴിച്ചെടുത്ത മണ്ണ്	17.7.2020	8700	29.7.2020 ലെ 4(1) -ാം നമ്പർ തീരുമാനം

കൂടാതെ എ.എഫ്.എസ് പ്രകാരം ലേലയിനത്തിൽ 2020-21 വർഷത്തിൽ 219230 രൂപയുടെ വരവ് ഉണ്ട്. കൂടാതെ Sale Of Sand ഇനത്തിൽ 12450 രൂപയുടെയും വരവ് ഉണ്ട്. പഞ്ചായത്തിൽ നടന്ന ലേലങ്ങളുടെ വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനു വിശദീകരണം ലഭ്യമാക്കാനും എ എഫ് എസ് പ്രകാരമുള്ള തുകക്കുള്ള എല്ലാ ലേലത്തിന്റെയും വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകായറിക്ക് (നം. 26/25.11.21) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-16 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം

- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളു. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എം.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ, മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (എൻകയറി നം. 3/10.12.21) നിലവിൽ സർക്കാർ നിർദ്ദേശം നാളിതുവരെയായി നടപ്പാക്കിയിട്ടില്ലായെന്നും ആയത് സംബന്ധിച്ച നടപടികൾ ഉടൻ ആരംഭിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ. 46 U-2454 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

4) പുതിയ വാഹനമായതിനാൽ വാഹനത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും (റജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ) ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കണം എന്നാൽ ആയത് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്.

1-18 ഹോമിയോ ആശുപത്രിയിൽ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ So 22/21. ആയുഷ് എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിൽ ട്രഷറി ബിൽ നം. 1/2020 -21. Dtd. 10.2.21 പ്രകാരം 375000/- രൂപ ഹോംകോയ്ക്ക് മുൻകൂർ നല്കിയിട്ടുള്ളതാണ്. മുൻകൂർ തുക നല്കിയിട്ടും ഹോംകോയിൽ നിന്നും നാളിതുവരെയായിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ ലഭിച്ചതിനു ശേഷം ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 അസി.എഞ്ചിനീയർ - പദ്ധതി നടപ്പാക്കുന്നതിലും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലും കണ്ടെത്തിയ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഭൂരിഭാഗം പ്രവൃത്തികളോടുമൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കരാറുകാരുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല.
3. 2020-21 വർഷത്തിൽ ഫൈനൽ ബില്ല് നൽകിയ പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം Name Board ന് തുക വകയിരുത്തുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.
4. അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയിട്ടുള്ള സാധനസാമഗ്രികളുടെ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
5. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. തുകകൾ വരവ് വന്ന തീയതി, ചെക്ക് നമ്പർ/ട്രഷറി ബിൽ നമ്പർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതുന്നില്ല. ക്യാഷ് ബുക്ക് ദിവസ, മാസ, വാർഷിക അടിസ്ഥാനത്തിൽ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല.

8. എഗ്രിമെന്റിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി ചേർക്കുന്നില്ല.

9. മിക്കവാറും പ്രവൃത്തികളിലും കരാറുകാർക്ക് പ്രവൃത്തി ഏല്പിച്ചു നൽകുന്നതിന് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ തീയതി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇക്കാരണത്താൽ നിശ്ചിത സമയപരിധിയ്ക്കകം കരാർ വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല

10. പ്രവൃത്തി തുടങ്ങിയതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന സാഹചര്യത്തിൽ കരാറുകാർ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതായി കാണുന്നില്ല.
മുകളിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ഇ-ടെണ്ടർ വഴി ലഭിച്ച ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയില്ല

ഇ-ടെന്ററ് ഫോറം വില ഇനത്തിൽ 2020-21 വർഷത്തിൽ 16898/- രൂപ വരവുണ്ട്. ഈ തുക അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. മേൽപറഞ്ഞ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-21 പൂർത്തീകരണ കാലാവധി വൈകിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി - 5043 രൂപ നഷ്ടം

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയപ്പോൾ നിയമപ്രകാരമുള്ള പിഴ ഈടാക്കുന്നതിനു പകരം കുറഞ്ഞ നിരക്കിലാണ് പിഴ ഈടാക്കിയത്.

പ്രവൃത്തിയുടെ വിവരം	എഗ്രിമെന്റ് തീയതി	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കേണ്ട പിഴ	ഈടാക്കിയ പിഴ	കുറവ്
പ്രോജക്ട് നമ്പർ 110/21 – പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നവീകരണം അടങ്കൽ - 400000 ചെലവ് - 347146/- കരാറുകാരൻ - കെ.എ.ഗോപിനാഥൻ എഗ്രി. നമ്പർ - 52/AE/LSGD /VKD/2018-19 Dt.05.12.2018 എം.ബി.നമ്പർ - 60/18-19 ട്രഷറി ബിൽ നമ്പർ 10/21.4.2020 PAC - 399580	05.12.2018	05.06.19	06.11.19	11987	6944	5043

മുകളിൽ പറഞ്ഞതു പ്രകാരം കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 43/17.12.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞതു പ്രകാരം 5043 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-22 അസി. എഞ്ചിനീയർ വർക്ക് ഫയൽ ഹാജരാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ വർക്ക് ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	വൗച്ചർ നമ്പർ	തുക
127/21	അമ്പലപ്പടി റോഡ് ഉയർത്തലും മെറ്റലിങ്ങും ടാറിങ്ങും	22001074/11.11.2020	389978

മേൽപറഞ്ഞ വർക്ക് ഫയൽ ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 42/17.12.2021)

1-23 അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം

വടക്കേക്കാട് പഞ്ചായത്തിൽ നിലവിൽ ഇരുപത്തിമൂന്ന് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപതെണ്ണത്തിനാണ്, വാടക കെട്ടിടത്തിൽ മൂനെണ്ണം പ്രവർത്തിക്കുന്നു. ഇരുപതെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി. കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് ഇരുപത്തിയൊന്നെണ്ണത്തിനാണ്. ബാക്കിയെല്ലായിടത്തും കിണർ വെള്ളം ഉപയോഗിക്കുന്നു.

സംപൂർണ്ണ ബേബി ഫ്രണ്ടിലിയായ അംഗൻവാടിയില്ലെന്നാണറിയിച്ചിട്ടുള്ളത്. പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണെങ്കിലും, ബേബി ഫ്രണ്ടിലിയായ അംഗൻവാടി ഒരെണ്ണം പോലുമില്ലെന്നതും, ഒരെണ്ണത്തിന് ബന്ധപ്പെട്ട എഞ്ചിനീയറുടെ സുരക്ഷാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നതും ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. ടി അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 വർഷത്തിൽ വടക്കേക്കാട് പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ വരവ്	25503517
ആകെ ചെലവ്	25500919
നീക്കിയിരുപ്പ്	2598
തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം	994
നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ	319
വിഭാവനം ചെയ്ത പദ്ധതികൾ	199
പൂർത്തിയാക്കിയ പദ്ധതികൾ	153
വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം	3166
സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	49454

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 76% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 994 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 319 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - മാർഗ രേഖക്കു വിരുദ്ധമായി ചെലവു ചെയ്ത തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് - S000 8/21 വയോജനങ്ങൾക്ക് കട്ടിൽ വിതരണം

നിർവഹണ ഉദ്യോഗസ്ഥ -അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട് (എസ്.സി.പി.)

അടങ്കൽ - 139200

ചെലവ് - 134080

ട്രഷറി ബിൽ, തുക

1. 5/30-1-21 ,62850(ഇ വൗച്ചർ – 22001103/29-1-21)

2. 7/24-3-21 ,71230 (ഇ വൗച്ചർ – 22001347/22-3-21)

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്ന മേൽ പദ്ധതിയിൽ, ഒരു കട്ടിലിന് 4190 രൂപ നിരക്കിൽ 32 കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം. 22/2018 ത.സ്വ.ഭ.വ. തീയതി. 14-2-2018, ഖണ്ഡിക 7.1.1.3(2) പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കാണ് പദ്ധതിയിൽ ആനുകൂല്യം അനുവദിക്കാവുന്നത്. എന്നാൽ കട്ടിൽ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ 60 വയസ്സിനു താഴെയുള്ളവരാണ്.

ക്രമ നം.	ഗുണഭോക്താവ്	ജനനതീയതി (ആധാർ പ്രകാരം)
1.	വേലായുധൻ, കൊളങ്ങത്തിൽ	1964
2.	തങ്ക അപ്പുകുട്ടൻ, ചള്ളിയിൽ	1964
3.	തങ്ക, പെരിങ്ങാട്	1963
4.	അമ്മിണി, പേങ്ങാട്ടു തറയിൽ	1961

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി 29/16-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ 60 വയസ്സിനു താഴെയുള്ള 4 ഗുണഭോക്താക്കൾക്കു കട്ടിൽ നൽകിയ ഇനത്തിൽ ചെലവഴിച്ച 16760 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും, ജില്ല പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എന്നിവക്കും കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ /പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

ക്രമ നം	പ്രോജക്റ്റ്	ഫണ്ട്	ട്രഷറി ബിൽ നം/തുക	ഇ വൗച്ചർ നം/തീയതി	റിമാർക്സ്
1.	S00 2/21 ഐ.കെ.എം വിഹിതം അടവാക്കൽ	വികസനഫണ്ട് 63748	12/30-6-20 63748	22001019/18-6-20	ഐ.കെ.എം പഞ്ചായത്ത് വിഹിതം, എക്സിക്യുട്ടീവ് ഡയറക്ടർ, ഐ.കെ.എം
2.	SO 141/21 എബിസി പ്രോഗ്രാം	വികസനഫണ്ട്	4/24-4-20 100000	22000985/12-4-20	കുടുംബശ്രീ ജില്ല മിഷൻ
3.	SOO5/21 ഐ.എ.വൈ.വിഹിതം അടവാക്കൽ	വികസനഫണ്ട് 944802	37/13-3-21 944802	22001311/5-3-21	ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്
4.	SOO 27/21 SSK	വികസനഫണ്ട് 400000	32/11-2-21 400000	22001283/11-2-21	SSK, തൃശ്ശൂർ

1-27 ദേശീയ നഗര പദ്ധതി - രേഖകൾ ഹാജരാക്കിയില്ല - വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ദേശീയ നഗര പദ്ധതിയുടെ ഭാഗമായി വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (44/17.12.21) നൽകിയിരുന്നുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലോ വിശദാംശങ്ങളോ ലഭ്യമാക്കുകയുണ്ടായില്ല.

1. ദേശീയ നഗര പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന് ലഭ്യമായ തുകയുടെ വിവരങ്ങൾ

2. 2020-21 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

3. ദേശീയ നഗര പദ്ധതിയുടെ കീഴിൽ എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളുടെ

വിശദാംശങ്ങൾ

4. പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ

5. ദേശീയ നഗര പദ്ധതിയുടെ ഭാഗമായി എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

മേൽ പരാമർശിച്ച കാര്യങ്ങളിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ഡി പി ആർ ഉൾപ്പെടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പൂർത്തീകരണ കാലാവധി വൈകിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി - 5043 രൂപ നഷ്ടം

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ നിയമപ്രകാരമുള്ള പിഴ ഈടാക്കുന്നതിനു പകരം കുറഞ്ഞ നിരക്കിലാണ് പിഴ ഈടാക്കിയത്.

പ്രവൃത്തിയുടെ വിവരം	എഗ്രിമെന്റ് തീയതി	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കേണ്ട പിഴ	ഈടാക്കിയ പിഴ	കുറവ്
പ്രോജക്ട് നമ്പർ 110/21 – പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നവീകരണം അടങ്കൽ - 400000 ചെലവ് - 347146/- കരാറുകാരൻ - കെ.എ.ഗോപിനാഥൻ എഗ്രി. നമ്പർ - 52/AE/LSGD /VKD/2018-19 Dt.05.12.2018 എം.ബി.നമ്പർ - 60/18-19 ട്രഷറി ബിൽ നമ്പർ 10/21.4.2020 PAC - 399580	05.12.2018	05.06.19	06.11.19	11987	6944	5043

മുകളിൽ പറഞ്ഞതു പ്രകാരം കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 43/17.12.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞതു പ്രകാരം 5043 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2020	75000	പകൽ വീടിന് ഫർണീച്ചർ വാങ്ങൽ	0	75000
ജില്ലാ പഞ്ചായത്ത്	2020	50000	ജലരക്ഷ-ജീവരക്ഷ ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്യൽ		50000

സ്ഥാപനത്തിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. പദ്ധതി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
സലീം ചാലിയം പറമ്പിൽ	സ്പിൽ ഓവർ പ്രോജക്ട് -കുടിവെള്ള പദ്ധതി	വൗച്ചർ നമ്പർ 22000118 ചെക്ക് നം.008020 തീയതി 5/5/20	100000	100000	-	-
കെഎസ് ഇ ബി	ചക്കിത്തറ പെരുംതോട് ഹൈടെൻഷൻ പോസ്റ്റ് വലിക്കൽ	വൗച്ചർ നമ്പർ 22000119 ചെക്ക് നം.008021 തീയതി 7/5/20	219819	219819	-	-

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	1000
തൻവർഷം നിക്ഷേപിച്ച തുക	
ആകെ	
തന്നാണ്ടിൽ പിൻവലിച്ച തുക	
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നമ്പർ
ലഭ്യമല്ല	1000	

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന

വായ്പതുകയുടെയും വിശദവിവരം

വായ്പയുടെ പേര്/ഉദ്ദേശം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല. അപാകത ഖണ്ഡിക 1-10-35 ൽ ചേർത്തിട്ടുണ്ട്.						

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2004-05	3(6)	2009-10	3(6)	മൊബിലൈസേഷൻ അഡ്വാൻസ് നൽകി പ്രവർത്തി നടത്തിയിട്ടില്ല	2004-2005 വർഷത്തിൽ 10-വാർഡിൽ SGRY പ്രവൃത്തിയായ ചാത്തൻതറ റോഡ് നിർമ്മാണം മൊബൈലേസഷൻ അഡ്വാൻസ് നൽകിയ 25000 പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുണ്ട്. രസീതി നമ്പർ 82/2162 തീയതി. 13/10/2008, 4750 രൂപ 70/2167, 4750 രൂപ തീയതി. 6/11/2008, 61/2172, 8/1/2009, 4275 രൂപ, 82/41076, 6/03/2006, 4750 രൂപ, 51/41076, 26/02/2009, 4750 രൂപ, 11/41087 604/2009, 1725 രൂപ
2014-15 2016-17	2(1) 2(1)	2016-17	2(1) 2(1)	1) ഐ ഡി സി സ്ക്കൂളിന്റെ 2-ാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇസ്ലാമിക് ഹയർ സെക്കണ്ടറി സ്ക്കൂൾ – ആദ്യ അർദ്ധവർഷം ഈടാക്കിയിട്ടില്ല. 2) കാരയിൽ പ്ലാസ ഓഡിറ്റോറിയം ഒന്നും രണ്ടും അർദ്ധവർഷം ഈടാക്കിയിട്ടില്ല.	1) ഐ ഡി സി സ്ക്കൂളിന്റെ 2-ാം പാദ തൊഴിൽ നികുതി - 21900 രൂപ, 11608101424 തീയതി 16/12/16 യിൽ അടവാക്കിയിട്ടുണ്ട്. ഇസ്ലാമിക് ഹയർ സെക്കണ്ടറി സ്ക്കൂൾ രസീത് നം. 11608100717 തീയതി 01/09/16 യിൽ അടവാക്കിയിട്ടുണ്ട്.

					3) മണപ്പുറം ഫിനാൻസ് – സൗമ്യയുടെ ബാക്കിയുള്ള തൊഴിൽനികുതി 300/- രൂപ ഈടാക്കേണ്ടതാണ്. 4) ആളൂക്കാരൻ ജ്വല്ലറി – ഡി & ഒ ലൈസൻസ് അടവാക്കാൻ ബാക്കിയുള്ള 300/- രൂപ ഈടാക്കേണ്ടതാണ്. 5) തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	2) കാരയിൽ പ്ലാസ ഓഡിറ്റോറിയം രസീത് നം. 11608100681 തീയതി 30/08/16 യിൽ അടവാക്കിയിട്ടുണ്ട്. 3) മണപ്പുറം ഫിനാൻസ് – സൗമ്യയുടെ ബാക്കിയുള്ള തൊഴിൽനികുതി 300/- രൂപ രസീത് നം. 11608100762 തീയതി 09/09/16 യിൽ അടവാക്കിയിട്ടുണ്ട്. 4) ആളൂക്കാരൻ ജ്വല്ലറി – ഡി & ഒ ലൈസൻസ് അടവാക്കാൻ ബാക്കിയുള്ള 300/- രൂപ രസീത് നം. 11608100729 തീയതി 03/09/16 യിൽ അടവാക്കിയിട്ടുണ്ട്. 5) തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നുണ്ട്.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	78584098
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	84559589
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	5043
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	406738

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	5,043	ശ്രീ ലിജു കെ എൽ, അസി. എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	3,89,978	അനിത പി.കെ., അസി. എഞ്ചിനീയർ
1-25	16,760	ഷൈനി ജോൺ, അസി. സെക്രട്ടറി
ആകെ	4,06,738	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേര്, ഉദ്യോഗപ്പേര്	ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം)	സ്ഥിരം മേൽവിലാസം
ശ്രീ ലിജു കെ എൽ, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ, മതിലകം ഗ്രാമപഞ്ചായത്ത്, തൃശൂർ ജില്ല	കൂനമ്മാൻ, പള്ളിക്കുന്ന്, വരന്തരപ്പിള്ളി പി ഒ, തൃശൂർ 680303
ശ്രീമതി.ഷൈനി ജോൺ.എം.	അസിസ്റ്റന്റ് സെക്രട്ടറി, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്	കാക്കശ്ശേരി വീട്, കുന്നംകുളം
ശ്രീമതി.അനിത പി.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്	പെരുവഴിപ്പുറത്ത്, തമ്പാൻകടവ് പി.ഒ., തളിക്കുളം, രവി നഗർ- 680569

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1975-76	എൽ.എഫ്.ടി.5-4514/77/02.12.77
1976-77	എൽ.എഫ്.ടി.5-2260/78/12.12.78
1977-78	എൽ.എഫ്.ടി.11-1977/80/07.10.80
1978-79	എൽ .എഫ് ടി.11-764/82/16.02.82
1979-80	എൽ.എഫ്.ടി.11-229/82/11.3.83
1981-82	എൽ.എഫ്.ടി.17-1477/98/ (1)17.11.98
1983-84	എൽ.എഫ്.ടി.2-1477/98(1)17.11.98
1985-86	എൽ.എഫ്.ടി.പി8-357/14 14.3.14/5.4.14
1986-87	എൽ,എഫ് ടിഎസ്2-1313/11/ 14.07.11
1987-88	,,
1988-89&89-90	എൽ.എഫ് ടി.പി8-357/14/ 14.3.14/05.4.14
1990-91	,,
1991-92	,,
1996-97	,,
1997-98	,,
1998-99	,,
1999-2000(വരവ്)	,,
1999-2000(ചെലവ്)	,,
2000-01	,,
2001-02 (പദ്ധതി)	,,
2001-02 (പദ്ധതി ഒഴികെ)	,,
2002-03 (വരവ് ചെലവ്)	,,
2003-04	,,

2004-05	,,
2005-06	,,
2006-07	,,
2007-08	എൽ.എഫ്.ടി.പി4-483/12/05.07.12
2008-09	എൽ.എഫ്.ടി.പി4-484/12/5.7.12
2009-10	എൽ.എഫ്.ടി.പി4-485/12/05.7.12
2010-11	എൽ.എഫ്.ടി.പി4-486/12/6.7.12/ 10.09.12
2011-12	എൽ.എഫ്.ടി.പി4-671/13/23.08.13/ 18.10.13
2012-13	എൽ.എഫ്.ടി.പി8-111/14/ 14.03.14/ 5.06.14
2013-14	കെ.എസ്.എ.ടി.എസ്.ആർ. (പി8)764/15, തിയതി 05.10.2015/03.11.2015
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി8)1279/16 തീയതി 29.7.16/30.7.17
2015-16	കെ.എസ്.എ.ടി.എസ്.ആർ. (പി8)1736/16 തീയതി 30.9.16
2016-17	കെ.എസ്.എ.ടി.എസ്.ആർ. (പി8)1564/17 തീയതി 17-10-17/23-11-17
2017-18	നം.കെ.എസ്.എടി.എസ്.ആർ(പി8)59/2019 തീ.18.01.2019
2018-19	നം.കെ.എസ്.എടി.എസ്.ആർ(പി8)191/2020 തീ.05.05.2020
2019-20	നം.കെ.എസ്.എ ടി.എസ്.ആർ (പി 16) 65/2022 തീ.30.06.2022

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്